ഉത്തരം

(എ)(ബി)&(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

64 (1280) പേയ്മെന്റ് സീറ്റിന് നൽകേണ്ട ഫീസ്

ശ്രീ. ബി. വിജയകുമാർ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീമതി രാധാ രാഘവൻ :

ശ്രീ. എഴുകോൺ നാരായണൻ :

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ പേയ്മെന്റ് സീറ്റുകളിൽ അഡ്മിഷൻ കിട്ടുന്ന വിദ്യാർത്ഥി എന്തെല്ലാം വിധത്തിലുള്ള ഫീസുകളും ഡെപ്പോസിറ്റുകളുമാണ് നൽകേണ്ടത് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇക്കാര്യത്തിൽ ആവശ്യമായ സാമ്പത്തികസഹായം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ എപ്രകാരമാണെന്ന് വിശദീകരിക്കുമോ;

(ഡി) ഈ തുക വായ്പയായോ ഗ്രാന്റായോ ആണ് നൽകുന്നത് എന്ന് വ്യക്തമാക്കുമോ;

(ഇ) വായ്പയായാണ് നൽകുന്നതെങ്കിൽ അത് അടച്ചുതീർക്കാനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്;

(എഫ്) പേയ്മെന്റ് സീറ്റുകളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുവാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) എം.ഇ.എസ്. എഞ്ചിനീയറിംഗ് കോളേജും, കൊച്ചി സർവ്വകലാശാലയുടെ ആലപ്പുഴ എഞ്ചിനീയറിംഗ് കോളേജും ഒഴികെയുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനത്തിന് നിലവിലുള്ള ഫീസ് വിവരം താഴെപ്പറയും പ്രകാരമാകുന്നു.

പേയ്മെന്റ് സീറ്റ്

നാല് വർഷം കഴിഞ്ഞ് തിരിച്ചുനൽകുന്ന പലിശരഹിതനിക്ഷേപമായി ഒരു ലക്ഷം രൂപയും വാർഷികഫീസായി ഇരുപത്തിഅയ്യായിരം രൂപയും.

എൻ.ആർ.ഐ. സീറ്റ്

തിരികെ നൽകാത്ത അയ്യായിരം അമേരിക്കൻ ഡോളർ, ഡെവലപ്മെന്റ് ഫണ്ടും, ഇരുപത്തയ്യായിരം രൂപ വാർഷിക ഫീസും.

എം.ഇ.എസ്. എഞ്ചിനീയറിംഗ് കോളജ് :

പേയ്മെന്റ് സീറ്റ് : മുപ്പത്തിഅയ്യായിരം രൂപ.

എൻ.ആർ.ഐ. : അയ്യായിരം അമേരിക്കൻ ഡോളറും മുപ്പത്തിഅയ്യായിരം രൂപ വാർഷിക ഫീസും.

LIBRARY ARCHIVES Kerala Legislative Assembly

കൊച്ചി സർവ്വകലാശാലയുടെ ആലപ്പുഴയിലെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് : സെമസ്റ്റർ ഒന്നിന് ഇരുപതിനായിരം രൂപ നൽകണം.

(ബി) ഇല്ല. എന്നാൽ സാമ്പത്തികസഹായം ആവശ്യമുള്ളവർക്ക് എസ്.ബി.ടിയിൽ നിന്നും (ജ്ഞാനജ്യോതി സ്കീം)ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി)&(ഡി) ട്യൂഷൻ ഫീസിനും, മടക്കിനൽകുന്ന ഡെപ്പോസിറ്റിനും ആവശ്യമായി വരുന്ന 122500/- രൂപയുടെ മേൽ തുടക്കത്തിൽ എസ്.ബി.ടി. നൽകുന്നു. തുടർന്ന് ഓരോവർഷവും ട്യൂഷൻഫീസ് തുകയായി 22,500/രൂപ ബാങ്ക് നൽകുന്നു. ട്യൂഷൻ ഫീസിന്റെ 10% മാർജിൻമണിയായി കണക്കാക്കി ഇതുകഴിച്ചുള്ള 90,000 രൂപയും ഡെപ്പോസിറ്റിനാവശ്യമായ ഒരു ലക്ഷം രൂപയും ഉൾപ്പെടെ മൊത്തം 1,90,000/- രൂപയാണ് ലോൺ നൽകുന്നത്.

(ഇ) നാലുവർഷത്തിനുശേഷം പഠനം പൂർത്തിയാക്കുകയോ ഒരു ജോലി വിദ്യാർത്ഥിക്ക് ലഭിക്കുകയോ ചെയ്യുമ്പോൾ (ഏതാണോ ആദ്യം സംഭവിക്കുന്നത് അതുമുതൽ) പ്രസ്തുത വായ്പത്തുകയായ 1,90,000/- രൂപയും അതിന്റെ പലിശയും 60 തുല്യമാസഗഡുക്കളായി (ഇതിൽ ഡെപ്പോസിറ്റ് തുകയായ ഒരു ലക്ഷം രൂപ ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനംതന്നെ ബാങ്കിലേക്ക് മടക്കി നൽകുകയും) ശേഷിക്കുന്ന തുക വിദ്യാർത്ഥികൾ അടയ്ക്കുകയുമാണ്. ഈ തുകയ്ക്ക് 18.25% വാർഷിക പലിശ ഈടാക്കുന്നു.

(എഫ്) ഇപ്പോൾ പരിഗണനയിലില്ല.

65 (1281) കായംകുളം വനിതാ പോളിടെക്നിക്

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളത്ത് വനിതാ പോളിടെക്നിക് നിർമ്മിക്കുന്നതിന് ഈ വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ച തുക വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദവിവരം നൽകുമോ;

(സി) വനിതാ പോളിടെക്നിക് നിർമ്മാണത്തിൽ ഇത്രയും കാലതാമസം വരാൻ കാരണം എന്താണ്;

(ഡി) ഏതെങ്കിലും ഉദ്യോഗസ്ഥരുടെ അലംഭാവംമൂലമാണോ ഈ കാലതാമസം വന്നത് എന്ന് വ്യക്തമാക്കുമോ; എങ്കിൽ ഇവർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഇ) ഈ ബഡ്ജറ്റ് വർഷംതന്നെ കായംകുളം വനിതാ പോളിടെക്നിക്കിന്റെ നിർമ്മാണം ആരംഭിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) കായംകുളം വനിതാ പോളിടെക്നിക്കിനുവേണ്ടിയുള്ള സ്ഥലമെടുപ്പ് പൂർത്തീകരിച്ച് സ്ഥലം കൈമാറ്റം ചെയ്തുകിട്ടിയത് 7.5.99-ലാണ്. കെട്ടിടനിർമ്മാണത്തിനുള്ള നടപടികൾ ഉടൻതന്നെ സ്വീകരിച്ചു. 14.7.99-ന് ചീഫ് ആർക്കിടെക്ട് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരത്തി

LIBRARY ARCHIVES Kerala Legislative Assembly